# ഭരണഭാഷ - മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
dtekerala@gmail.com
04712561307

**<u>നടപടിക്രമം</u>**

വിദ്യാഭ്യാസം –സാങ്കേതികം- ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ജീവനക്കാര്യം (ഡി) - സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നോൺ-ടെക്നിക്കൽ അറ്റൻഡർ ഗ്രേഡ്-II തസ്തികയിൽ ജോലിനോക്കുന്ന ജീവനക്കാരെ നോൺ-ടെക്നിക്കൽ അറ്റൻഡർ ഗ്രേഡ്-I തസ്തികയിലേയ്ക്ക് അനുവദിച്ച അനുപാത സ്ഥാനക്കയറ്റ (Ratio Promotion) ഉത്തരവിൽ ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ജീവനകാര്യം (ഡി) വിഭാഗം

നം: ED2/46186/18/ഡി.ടി.ഇ തിരുവനന്തപുരം , തീയതി: 08.09.2024

---

വായന:- 1. 19/10/2007 തീയ്യതിയിലെ സ.ഉ. (അച്ചടി) 515/2007/ധന നമ്പർ സർക്കാർ ഉത്തരവ്
2. 10/02/2021 തീയ്യതിയിലെ സ.ഉ. (അച്ചടി) 27/2021/ധന നമ്പർ സർക്കാർ ഉത്തരവ്
3. ഈ ആഫീസിലെ 02/08/2024 തീയ്യതിയിലെ ഇതേ നമ്പർ ഉത്തരവ്

**<u>ഉത്തരവ്</u>**

പരാമർശം (3) ഉത്തരവ് പ്രകാരം ഈ വകുപ്പിൽ നോൺ-ടെക്നിക്കൽ അറ്റൻഡർ ഗ്രേഡ്-II തസ്തികയിൽ ജോലിനോക്കുന്ന 10 ജീവനക്കാർക്ക് നോൺ-ടെക്നിക്കൽ അറ്റൻഡർ ഗ്രേഡ്-I തസ്തികയിലേയ്ക്ക് അനുപാത സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിൽ സ്ഥാനക്കയറ്റ തസ്തികയുടെ ശമ്പള സകെയിലും, ടി സ്ഥാനക്കയറ്റത്തിൻറ്റെ വെളിച്ചത്തിൽ ലഭിക്കുന്ന ശമ്പള കുടിശ്ശികയുടെ പ്രാബല്യ തീയ്യതിയും രേഖപ്പെടുത്തിയിരുന്നില്ല.

മേൽസാഹചര്യത്തിൽ പരാമർശം (3) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സ്ഥാനക്കയറ്റ ഉത്തരവിൽ താഴെ പറയുന്ന ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു:

"ഈ വകുപ്പിൽ 23700-52600 രൂപാ ശമ്പള സ്കെയിലിൽ നോൺ-ടെക്നിക്കൽ അറ്റൻഡർ ഗ്രേഡ്-II തസ്തികയിൽ ജോലിനോക്കുന്ന താഴെ പറയുന്ന ജീവനക്കാരെ 24400-55200 രൂപാ ശമ്പള സ്കെയിലിൽ നോൺ-ടെക്നിക്കൽ അറ്റൻഡർ ഗ്രേഡ്-I തസ്തികയിലേയ്ക്ക് അവരുടെ പേരിന് നേരെ രേഖപ്പെടുത്തിയിട്ടുള്ള തീയ്യതി പ്രാബല്യത്തിൽ അനുപാത സ്ഥാനക്കയറ്റം (Ratio Promotion) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി ഉത്തരവിൻറ്റെ വെളിച്ചത്തിൽ അനുപാത സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർക്ക് ഭാഗം-I, കേരള സർവ്വീസ് ചട്ടങ്ങളിലെ വ്യവസ്ഥകളിൽ നിഷ്കർഷിക്കും പ്രകാരം ടി സ്ഥാനക്കയറ്റ പ്രാബല്യ തീയ്യതി മുതൽ ശമ്പള നിർണ്ണയത്തിനർഹതയുള്ളതും, ടി സ്ഥാനക്കയറ്റ പ്രാബല്യ തീയ്യതി പരാമർശം (3) ഉത്തരവ് തീയ്യതിയ്ക്ക് ഒരു വർഷം മുൻപുള്ള ജീവനക്കാർക്ക് (അതായത് 02/08/2023 പൂർവ്വാഹ്നം തീയ്യതിയ്ക്ക് മുൻപ്) ടി ഉത്തരവിൻറ്റെ വെളിച്ചത്തിൽ 02/08/2023 പൂർവ്വാഹ്നം പ്രാബല്യത്തിലും, ടി സ്ഥാനക്കയറ്റ പ്രാബല്യ തീയ്യതി പരാമർശം (3) ഉത്തരവ് തീയ്യതിയ്ക്ക് ശേഷം (അതായത് 02/08/2023 തീയ്യതിയ്ക്ക് ശേഷം) അനുവദിച്ചിട്ടുള്ള ജീവനക്കാർക്ക് ടി സ്ഥാനക്കയറ്റ പ്രാബല്യ തീയ്യതി മുതലും പരാമർശം (1) ലെ സർക്കാർ ഉത്തരവിലേയും, ഭാഗം-I, കേരള സർവ്വീസ് ചട്ടങ്ങളിലെ ചട്ടം 23 (c) ലേയും വ്യവസ്ഥകളിൽ നിഷ്കർഷിക്കും പ്രകാരം ശമ്പള കുടിശ്ശികയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്."

പരാമർശം (3) ഉത്തരവിലെ ഖണ്ഡിക (1) ൽ മേൽഭേദഗതി വരുത്തി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

Draft #25 of File ED2/46186/18/DTE Approved by Senior Administrative Officer on 08-Sep-2024 10:08 AM - Page 1

ഒപ്പ്/-

സുനിൽ കുമാർ സി വി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്

1. ബന്ധപ്പെട്ട ജീവനക്കാർക്ക് (ആഫീസ് മേധാവി മുഖാന്തിരം)
2. ബന്ധപ്പെട്ട ആഫീസ് മേധാവികൾക്ക് (വെബ് സൈറ്റ് മുഖാന്തിരം)
3. കരുതൽ ഫയൽ/ആഫീസ് പകർപ്പ്

പകർപ്പ്

1. അക്കൗണ്ട്സ് സെക്ഷൻ, ഡി.റ്റി.ഇ.
2. ഇ.ജി. സെക്ഷൻ, ഡി.റ്റി.ഇ.
3. സീനിയൽ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ സി.എ. ക്ക്

Approval Valid

Digitally Approved By
സുനിൽ കുമാർ സി വി
Date: 08.09.2024
Reason: Approved

Draft #25 of File ED2/46186/18/DTE Approved by Senior Administrative Officer on 08-Sep-2024 10:08 AM - Page 2

The document is digitally approved. Hence signature is not needed.